

# Lourde Voice

## ലൂർദ്ദ് വോയ്സ്

April 2019



**LOURDES FORANE CHURCH & HOLY FAMILY MISSION CENTRE,**

**GANDHIPURAM, COIMBATORE**

**WWW.LOURDESFORANE.COM**





Commercial Wet Grinder
Available in 3 to 20 Liters



Conventional
Tilting Grinder



Commercial Coconut Scrapper






Commercial Tilting Grinder
Available in 5 to 25 Liters



Commercial Atta Kneader

**BEETEX® INDUSTRIES**

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ഉള്ളടക്കം

കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട് 6.00നും

കുർബ്ബാനസമയം
ഞായർ രാവിലെ 6.30, 8.30. വൈകിട്ട്
5.30

Vol. 1
ലൂർദ്ദ്‌വോയ്സ് പാരിഷ് ബുള്ളറ്റിൻ, ഫെബ്രുവരി – 2019
ISSUE : 04
lourdevoicegandhipuram@gmail.com

**Editorial board:**
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
**Printing and Publishing**
Mr. Felix P. S.
Mr. Joffy C. J.
Ph: 8903687184
**Trustees:**
Mr. Romeo Aloshias,
Mr. Sifi Vazhappilly
**Advertisement:**
Mr. N. A. Augustin,
9843020219
Mr. K. L. Johny
9345403444
**Secretary:**
Sr. Theresa John
PRO:
Mr. James M. A.
**Chief Editor:**
Fr. Thomas Kavungal
Ph: 9443937675
**Sub- Editor:**
Fr. George Madathikandathil.
Ph: 8129990593

- എഡിറ്റോറിയൽ - 04
- ഇടയമൊഴി - 05
- പൊതുവാർത്തകൾ - 06
- Commemoration - 07
- ലൂർദ്ദ് ഫൊറോന ദൈവാലയ വാർത്തകൾ - 09
- തമിഴ് - 10
- കുടുംബസമ്മേളനങ്ങൾ - 14
- ഓർമ്മിക്കേണ്ട ദിവസങ്ങൾ - 15
- പീഡാനുഭവവാര തിരുക്കർമ്മങ്ങൾ - 16
- പെസഹവ്യാഴം - ആരാധനസമയക്രമം - 16
- ഹോളിഫാമിലി മിഷന് സെന്റർ വാർത്തകൾ - 17
- പൊതുയോഗ തീരുമാനങ്ങൾ - 19
- ഒരുമയിൽ വിരിയുന്ന വസന്തം - 20
- ഉത്ഥിതനായ യേശു - 22
- വത്തിക്കാൻ വാർത്തകൾ - 23
- ലോഗോസ് ക്വിസ് - 24
- Mobile phone Addiction - 27
- Kids Corner - 28
- Marian Knowledge - 29
- Catechism News - 29
- Calendar - 30

LOURDES FORANE CHURCH & HOLY FAMILY MISSION CENTRE, GANDHIPURAM, COIMBATORE
WWW.LOURDESFORANE.COM



എഡിറ്റോറിയൽ

# പുതിയ പെസഹാ

മറ്റൊരു പെസഹാകൂടി നമ്മുടെ മുന്നിലേയ്ക്ക് കടന്നുവരുന്നു. പെസഹാ എന്ന വാക്കിന്റെ അർത്ഥം 'കടന്നുപോകൽ' എന്നാണ്. ഈജിപ്തിന്റെ അടിമത്വത്തിൽ നിന്ന് ഇസ്രായേൽ മക്കൾ കാനാൻ ദേശമെന്ന സ്വാതന്ത്ര്യത്തിന്റെ ഭൂമിയിലേക്ക് കടന്നുപോയതിനെ പഴയ പെസഹാ ഓർമ്മപ്പെടുത്തുന്നു. യേശു പെസഹാതിരുനാളിൽ അപ്പവും വീഞ്ഞുമെടുത്ത് വാഴ്ത്തി വിഭജിച്ച് ശിഷ്യൻമാർക്ക് നല്കിക്കൊണ്ട് പുതിയ പെസഹാ സ്ഥാപിച്ചപ്പോൾ അത് മറ്റൊരു കടന്നുപോകലിലേയ്ക്കാണ് വെളിച്ചം വീശിയത്. പാപത്തിന്റെ അടിമത്വത്തിൽ നിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള കടന്നുപോകൽ. യോഹന്നാന്റെ സുവിശേഷം പതിമൂന്നാം അദ്ധ്യായത്തിന്റെ ആദ്യവചനങ്ങളിൽ "ഈ ലോകം വിട്ട് പിതാവിന്റെ പക്കലേയ്ക്ക് പോകാനുള്ള സമയമായി എന്ന് പെസഹാ തിരുനാളിനുമുമ്പ് യേശു അറിഞ്ഞു ലോകത്തിൽ തനിക്ക് സ്വന്തമായവരെ അവൻ സ്നേഹിച്ചു. അവസാനംവരെ സ്നേഹിച്ചു". എന്ന് നാം വായിക്കുന്നു. തുടർന്ന് യേശുവിന്റെ കടന്നുപോകലാണ്; അവൻ അപ്പമെടുത്ത് വാഴ്ത്തി വിഭജിച്ച് ശിഷ്യന്മാർക്ക് കൊടുത്തു. അപ്രകാരം തന്നെ കാസയെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് ശിഷ്യന്മാർക്ക് കൊടുത്തു. ശിഷ്യന്മാർക്ക് ഒന്നും മനസ്സിലായില്ലെങ്കിലും യേശുവിന് അറിയാമായിരുന്നു പ്രതീകാത്മകമായി ഉയർത്തിയിരിക്കുന്ന അപ്പവും വീഞ്ഞും ഏതാനും മണിക്കൂറുകൾക്കുശേഷം നുറുങ്ങപ്പെടാൻ പോകുന്ന തന്റെ തന്നെ ശരീരത്തിന്റെയും രക്തത്തിന്റേയും പ്രതീകമാണെന്ന്.

കാസ എന്ന വാക്കിന് പുതിയൊരർത്ഥം വി. മത്തായിയുടെ സുവിശേഷം ഇരുപതാം അദ്ധ്യായത്തിൽ കാണാൻ കഴിയും. സെബദി പുത്രന്മാർ അമ്മയേയും കൂട്ടി ഈശോയുടെ വലത്തും ഇടത്തും ഇരിക്കുവാനുള്ള അനുവാദം ചോദിച്ചുകൊണ്ട് വരുമ്പോൾ ഈശോ ചോദിക്കുന്നുണ്ട്. "ഞാൻ കുടിക്കുന്ന കാസ നിങ്ങൾക്ക് കുടിക്കുവാൻ കഴിയുമോ" എന്ന്. ഇവിടെ ഈശോ ഉദ്ദേശിച്ചത് താൻ കടന്നപോകുന്ന ജീവിതത്തിലൂടെ കടന്നുപോകുവാൻ കഴിയുമോ എന്നാണ്. മിശിഹാ കാസ എടുത്തുയർത്തി എന്നുപറയുമ്പോൾ ഒറ്റിക്കൊടുക്കപ്പെടാൻ പോകുന്ന, വേദനിക്കാൻ പോകുന്ന, തകർക്കപ്പെടാൻ പോകുന്ന സ്വന്തം ജീവിതത്തെത്തന്നെയാണ് പിതാവിന്റെ പക്കലേയ്ക്കുയർത്തി കൃതജ്ഞതാസ്തോത്ര പ്രാർത്ഥന ചൊല്ലിയത്. എല്ലാ നൊമ്പരങ്ങളെയും പ്രതി, എല്ലാ സങ്കടങ്ങളെയും പ്രതി അവൻ ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് പുതിയ പെസഹാ അഥവാ വിശുദ്ധ കുർബ്ബാന സ്ഥാപിച്ചു. പ്രിയമുള്ളവരെ നമ്മുടെ സങ്കടങ്ങൾക്കും, നൊമ്പരങ്ങൾക്കും വി. കുർബ്ബനയിലൂടെയും കുടുംബപ്രാർത്ഥനയിലൂടെയും ആശ്വാസം കണ്ടെത്താൻ നമുക്ക് കഴിയട്ടെ.

കൂദാശ ജീവിതത്തിലൂടെ കടന്നുപോകുമ്പോഴാണ് ഈ ആശ്വാസം നമുക്ക് ലഭിക്കുന്നത്. ആ 'കടന്നുപോകൽ' ഈശോ കടന്നുപോയതു പോലെ ഉത്ഥനത്തിന്റെ മഹത്വത്തിലേയ്ക്കുള്ള കടന്നുപോകലാണ്. എല്ലാ ദുഃഖവെള്ളിയ്ക്കുമപ്പുറത്ത് ഒരു ഉയിർപ്പിന്റെ ആനന്ദമുണ്ട്. ഏവർക്കും ഉയർപ്പുതിരുനാളിന്റെ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു.



## ഇടയമൊഴി





# അപ്പൻ

യേശു ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു. **"പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതു പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു".** (വി. ലൂക്ക : 23:46)

ഒരു ആത്മീയ മനുഷ്യന് ജീവിത്തിലെ പ്രതിസന്ധികളിൽ ലഭിക്കുന്ന പ്രത്യേക ധൈര്യമാണ് ദൈവത്തെ അപ്പാ എന്നു വിളിക്കാൻ അവനെ പ്രാപ്തനാക്കുന്നത്. പന്ത്രണ്ടാം വയസ്സിലാണ് ഈ വാക്ക് അവൻ ആദ്യമായി പറഞ്ഞത്. ജെറുസലേം ദേവാലയത്തിൽ തിരുനാളിനു ശേഷം തിരിച്ചു നടന്നപ്പോൾ കൈവിട്ടുപോയ കുഞ്ഞിനെ തേടിയെത്തിയ ജോസഫിനോടു മേരിയോടും ഈശോ പറഞ്ഞു. ഞാൻ എന്റെ അപ്പന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് അറിഞ്ഞുകൂടേ; ശരീരത്തിന്റെ വളർച്ചയോടൊപ്പം ഈശോ ആത്മീയതയിലും വളർന്നു. ഒരിക്കൽ ശിഷ്യന്മാർ പ്രാർത്ഥിക്കാൻ പഠിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ 'സ്വർഗ്ഗസ്ഥനായ അപ്പാ' എന്ന് വിളിച്ച് പ്രാർത്ഥിക്കാൻ അവിടുന്ന് അവരെ പഠിപ്പിച്ചു.

ദൈവത്തെ അപ്പനായി കണ്ടാൽ പരിഹരിക്കപ്പെടാവുന്ന പ്രശ്നങ്ങളെ നമ്മുടെ ജീവിതത്തിലുള്ളൂ. ദൈവത്തെ അപ്പനായി കാണാൻ കഴിഞ്ഞാൽ ഈശ്വരബന്ധത്തിന് ഊഷ്മളതയുണ്ടാകും. ആരാണ് എന്റെ അപ്പനും അമ്മയും എന്ന ചോദ്യത്തിന് അവിടുന്ന് കൊടുത്ത ഉത്തരം ശ്രദ്ധേയമാണ്. സ്വർഗ്ഗസ്ഥനായ അപ്പന്റെ ഇഷ്ടം നിറവേറ്റുന്നവരാരോ അവരാണ് എന്റെ അപ്പനും അമ്മയും സഹോദരനും സഹോദരിയും.

24 വയസ്സുള്ള അസ്സീസ്സിയിലെ ഫ്രാൻസിസിനെ അപ്പൻ വലിച്ചിഴച്ച് ബിഷപ്പിന്റെ മുൻപിൽ കൊണ്ടുവന്ന് ലാഭനഷ്ടങ്ങളുടെ കണക്കു നിരത്തി ആക്രോശിച്ചപ്പോൾ അപ്പൻ അവന്റെ വിരലിലണിയിച്ച മോതിരവും ശരീരത്തിലെ വിലകൂടിയ വസ്ത്രങ്ങളും അഴിച്ചു കൊടുത്തുകൊണ്ട് വിവസ്ത്രനായി. പിന്നെ അവൻ പറഞ്ഞു. ഇന്നുമുതൽ എന്റെ അപ്പൻ സ്വർഗ്ഗസ്ഥനായ പിതാവാണ്. അവൻ തെരുവിലേയ്ക്കിറങ്ങി; പിന്നീട് ജീവിതാവസാനം വരെ അവന്റെ അപ്പൻ ദൈവമാണ്.

എല്ലാ ഉപേക്ഷിച്ച പത്രോസിനോടും കൂട്ടുകാരോടും പ്രതിഫലം എന്ത് എന്നതിന് മറുപടിയായി അവിടുന്ന് പറഞ്ഞു. നൂറുമടങ്ങ് ബന്ധങ്ങൾ ധൂർത്ത പുത്രൻ തിരിച്ചു വന്നപ്പോൾ വിളിച്ച വിളിയും അപ്പാ എന്നാണ്. ജീവിതത്തിലെ പാളിച്ചകൾ മറച്ചുപിടിക്കാനും ക്ഷമിക്കാനും ആശ്വസിപ്പിക്കാനും, ശക്തിപ്പെടുത്താനും ഉള്ള വ്യക്തിയാണ് അപ്പൻ.

ക്രിസ്തു നിലവിളിച്ചപ്പോൾ അവന്റെ പിതാവ് എവിടെയായിരുന്നു? കുരിശിൽ പുത്രനെ നെഞ്ചോട് ചേർത്ത് അപ്പൻ നില്പുണ്ടായിരുന്നു; മകനെ, മകനെ ഞാൻ നിന്നെ കൈവിട്ടില്ല എന്ന ആശ്വാസ വചനവുമായി. നമ്മുടെ ജീവിതത്തിലെ, സങ്കടങ്ങളിൽ ഈ അപ്പൻ നമ്മെ നെഞ്ചോട് ചേർത്തുപറയും ഞാൻ നിന്നോട് കൂടെയുണ്ട്. നിന്നെ കൈവിടാതെ ഏവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ സനേഹപൂർവ്വം നേരുന്നു.

വികാരിയച്ചൻ
**ഫാ. തോമസ് കാവുങ്കൽ**



# പൊതുവാർത്തകൾ

## നോമ്പുകാല ധ്യാനം

നോമ്പുകാല ധ്യാനം 2019 ഏപ്രിൽ 5, 6, 7 (വെള്ളി, ശനി, ഞായർ) തിയ്യതികളിൽ കുളുത്തുവയൽ Nirmala Retreat Centre സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ഏവരും ധ്യാനത്തിൽ പങ്കെടുത്ത് നോമ്പിന്റെ ചൈതന്യം ഉൾകൊണ്ട് അനുഗ്രഹം പ്രാപിക്കാൻ ശ്രദ്ധിക്കുമല്ലോ. സമയക്രമം - 5, 6 (വെള്ളി, ശനി) - വൈകിട്ട് 5.00 മണി മുതൽ 9 മണി വരെ.

7 - ാം തിയ്യതി ഞാറാഴ്ച രാവിലെ 7.30 മുതൽ 12.45 വരെ.

## വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ

മാർച്ച് 17 - ാം തിയതി ഞായറാഴ്ച ലൂർദ്ദ് ഫൊറോന ദൈവാലയത്തിലേയും ഹോളി ഫാമിലി മിഷൻ സെന്ററിലേയും പിതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ വി. യൗസേപ്പിതാവിന്റെ ഊട്ടുതിരുനാൾ ഭക്തിപൂർവ്വം ആചരിക്കുകയുണ്ടായി. വിവിധ രീതിയിൽ സഹായസഹകരണങ്ങൾ നല്കിയ ഏവർക്കും പ്രത്യേകിച്ച് പിതൃവേദി ഭാരവാഹികൾക്കും കമ്മിറ്റിയംഗങ്ങൾക്കും നന്ദി. വി. യൗസേപ്പിതാവിന്റെ അനുഗ്രഹം നമ്മിൽ സമൃദ്ധമായി ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കാം.

## തൊഴിലാളിദിനം

മെയ് 1-ാം തിയ്യതി തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ആചരിക്കുന്നു. തൊഴിലിന്റെ മാഹാത്മ്യവും മഹത്വവും മനസ്സിലാക്കി ജീവിക്കുവാനും തൊഴിലിനെ സ്നേഹിക്കുവാനും തൊഴിലാളിമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിനോട് നമുക്ക് പ്രാർത്ഥിക്കാം.

## മാതാവിന്റെ വണക്കമാസം

പരി. അമ്മയുടെ വണക്കത്തിനായ് പ്രത്യേകം സമർപ്പിക്കപ്പെട്ട മെയ് മാസത്തിൽ നമ്മുടെ പ്രാർത്ഥനകളിൽ മാതാവിനെ പ്രത്യേകം സ്മരിക്കുകയും മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്യാം. എല്ലാ ഭവനങ്ങളിലും മാതാവിന്റെ രൂപം അലങ്കരിച്ച് വച്ച് കുടുംബപ്രാർത്ഥനയോടുകൂടി വണക്കമാസപ്രാർത്ഥന ചൊല്ലി മാതാവിനെ പ്രത്യേകം സ്നേഹിക്കാം.

## സമ്മതിദാന അവകാശം വിനിയോഗിക്കാം...

ഓരോ ഭാരതീയന്റെയും കടമയാണ് സമ്മതിദാനവാശം കൃത്യമായി നിർവ്വഹിക്കുക എന്നത്. ഏപ്രിൽ 18 ന് തമിഴ്നാട്ടിലും, ഏപ്രിൽ 23 ന് കേരളത്തിലും നടക്കുന്ന തെരഞ്ഞെടുപ്പിൽ ഏവരും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കാൻ മറക്കരുതേ...



# Commemoration



You will surely be astounded with the word Commemoration? You may ask this question to your mind that why should we talk about commemoration during the Easter occasion. The liturgical periods of great lent and ressurrection are central to our ecclesial spirituality. The commemoration of the passion, death and resurrection of Lord Jesus occurs in these periods. The church invites us to reflect on the paschal mystery of Jesus Christ in the month of April this year. The commemoration of paschal mystery of Jesus Christ being the central concern of the liturgy of the Christian spirituality, I would like to invite your attention to the word "**commemoration**". The very term commemoration is associated with the paschal mystery of our lord in the Holy Qurbana. The following priestly prayer in the holy Qurbana of the syro Malabar church embodies the importance of the commemoration of the paschal mystery: "rejoicing and glorifying, commemorating and celebrating this great awesome, holy vivifying and divine mystery of the passion, death, burial, and resurrection of our lord and saviour Jesus Christ."

## Meaning of the word Commemoration

The term 'commemoration' occurs frequently in the anaphora of Mar Addai and Mar Mari and it manifests the mystery of the only begotten son of God. The word commemoration means "a ceremony or celebration in which a person or event is remembered." The celebrant



repeats the following words of Jesus in the Eucharistic celebration: "whenever you gather together in my name, do this in memory of me." One cannot fully comprehend the paschal mystery. There rises the question" why should we celebrate the paschal mystery of the lord in spite of its incomprehensibility through intellectual gymnastics? The word 'commemoration of the paschal mystery of the lord leads us to experience the Risen lord in the Holy Eucharist. The following points throw light on our spiritual growth based on the commemoration of the paschal mystery of the lord from a Eucharistic perspective.

**Commemoration and the Eucharistic Perspectives**

- Commemoration of the paschal mystery in the Holy eucharist convinces us of the unity with the Risen lord.
- Commemoration fosters a mystery-oriented Eucharistic spirituality
- Commemoration helps us to live in the fellowship of our ecclesial brethren.

I wish you the blessings of the Risen Lord Jesus Christ on the great feast of Easter. May the Risen Lord fill your hearts with his peace.

With prayers and love,

**Fr. George Madathikandathil**

**Asst. Vicar**



# ലൂർദ്ദ് ഫൊറോന ദൈവാലയ വാർത്തകൾ

**നോമ്പുകാല പരിത്യാഗചെപ്പ് –** വിഭൂതി ബുധനാഴ്ച ലഭിച്ച നോമ്പുകാല പരിത്യാഗചെപ്പ് എല്ലാവരും തങ്ങളുടെ ത്യാഗങ്ങൾ സമർപ്പിച്ച് ഓശാന ഞായറാഴ്ച വി. കുർബാനയ്ക്ക് സമർപ്പണമായി നല്കുക.

**പെസഹാവ്യാഴം** - പ്രത്യേക പിരിവ് വൈദിക പരിശീലനത്തിനുള്ളതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. എല്ലാവരും സഹകരിക്കുക.

**ദുഃഖവെള്ളി –** ഉപവാസദിനം; കടമുള്ള ദിവസമാണ്.

**ദുഃഖശനി –** പുതുവെള്ളം വെഞ്ചിരിച്ച് നല്കുന്നതാണ് വെഞ്ചിരിച്ച വെള്ളം, വീടുകളിലേയ്ക്ക് കൊണ്ടുപോകാൻ (പാത്രങ്ങൾ കൊണ്ടുവരിക) സൗകര്യം ഉണ്ടായിരിക്കും.

**പിതൃവേദി**

പിതൃവേദിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ മാർച്ച് 17 ന് ഭക്തി പൂർവ്വം ആചരിച്ചു. തിരുനാളിനും ഊട്ടുനേർച്ചയ്ക്കും നേതൃത്വം നല്കിയ കമ്മിറ്റിയംഗങ്ങൾ ശ്രീ. തോമസ് പ്രഭു, ശ്രീ. സി.ഒ പൗലോസ്, ശ്രീ. സി.സി. പ്രിൻസ്, ശ്രീ. ജറാൾഡ് എന്നിവർക്കും പിതൃവേദി ഭാരവാഹികൾക്കും, സഹായിച്ച സഹകരിച്ച എല്ലാ അംഗങ്ങൾ പ്രത്യേകം നന്ദി അറിയിക്കുന്നു.

**മാതൃവേദി**

* മാതൃവേദിയുടെ ഏപ്രിൽ മാസത്തെ ജനറൽ ബോഡി മീറ്റിംഗ് 14 - ാം തിയതി ഞായറാഴ്ച രണ്ടാമത്തെ ദിവ്യബലിയ്ക്കുശേഷം ഉണ്ടായിരിക്കുന്നതാണ്. എല്ലാ അംഗങ്ങളും സംബന്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.
* കാരുണ്യത്തിന്റെയും നോമ്പിന്റെയും ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് മാർച്ച് 21-ാം തിയതി ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ മാതൃവേദി അംഗങ്ങൾ പോത്തനൂരിലുള്ള സെന്റ് ജോസഫ് അഗതി മന്ദിരം സന്ദർശിക്കുകയുണ്ടായി. സഹായിച്ച എല്ലാ അമ്മമാർക്കും ഹൃദയം നിറഞ്ഞ നന്ദി.



## ❀ புனிதர் ஜார்ஜ் திருவிழா - ஏப்ரல் 24 ❀

பிறப்பு : கி.பி. 280லிட்டா, சிரியா பாலஸ்தீனா, ரோம பேரரசு
இறப்பு : ஏப்ரல் 24, 303 நிக்கோமீடியா, பெர்த்தினியா, ரோம பேரரசு
முக்கிய திருத்தலங்கள் :புனித ஜார்ஜ் தேவாலயம், லிட்டா, இஸ்ரேல்

சித்தரிக்கப்படும் வகை :ஓர் படைவீரராக கவச உடை அணிந்து, கையில் சிலுவை முனை கொண்ட ஈட்டியை ஏந்தி, வெண்குதிரையில் அமர்ந்த வண்ணம் பறக்கும் நாகம் அல்லது இறக்கையுள்ள முதலையை கொல்பவராகச் சித்தரிக்கப்படுகிறார்.. மேற்கத்திய சபைகளில் கவசம் அல்லது கேடயம் அல்லது பட்டியில் புனித ஜார்ஜின் சிலுவை காட்டப்பட்டுள்ளது.


புனிதர் ஜார்ஜ், ரோமன் படைத்துறையில் பணியாற்றிய ஓர் கிரேக்க வீரர் ஆவார். இவரது தந்தை ஆசிய மைனரைச் சேர்ந்த "கப்பாடோசியா" எனுமிடத்தில் இருந்த "கெரோன்ஷியஸ்" என்பவராவார். இவரது அன்னையார் "லிட்டா" நகரைச் சேர்ந்த "பொலிக்ரோனியா" ஆவார்.கிறிஸ்தவர்களால் வேத சாட்சியாக வணங்கப்படுபவர்.

புனிதர் ஜார்ஜ், பாலஸ்தீன நாட்டில், லிட்டா என்ற ஊரில் கொனிஸ்டாட்டின் அரசன் காலத்திற்கு முன்பு மறைசாட்சியாக இறந்தார். இவர் எப்படி இறந்தார் என்பதைப்பற்றி தெளிவாக அறியமுடியவில்லை. இருப்பினும் சில வரலாறுகள் இவ்வாறு கூறுகின்றது.. அவர் முதலிலிருந்த படையில், தான் வகித்த பெரிய பதவியைக் கிறிஸ்துவுக்காக உதறி தள்ளிவிட்டு, தன் உடைமைகள் அனைத்தையும் ஏழைகளுக்கு கொடுத்துவிட்டு வந்துள்ளார். பின்பு தமக்கென்று எதையும் வைத்துக்கொள்ளாமல், உலக கவலைகளுக்கு இடம் கொடுக்காமல், விசுவாசம் என்ற மார்பு கேடயத்தை அணிந்து கொண்டார். பிறகு கிறிஸ்துவுக்காக தன் உயிரை தியாகம் செய்யவும் துணிந்தார்.

கிறிஸ்துவின் துணிச்சலான போர்வீரரான இவர், தூய ஆவியால் உந்தப்பட்டு, அன்பு என்னும் நெருப்பால் ஈர்க்கப்பட்டார். சிலுவையின் வெற்றிக்கொடியை ஏந்தி இறுதிவரை விசுவாசத்திற்காக போராடினார். தீமையின் இருப்பிடமாகிய அலகையை வெற்றி கொண்டார்.அவர் உடல் எதிரிகளிடம் ஒப்படைத்தபோது, அவரின் ஆன்மாவை மட்டும் இறைவன் பாதுகாத்தார் என்பதில்தான் இவர் கிறிஸ்துவின் மீது கொண்டிருந்த விசுவாசம் வெளிப்பட்டது.

இவரது உருவம் உலகின் பல்வேறு நாடுகளில் அஞ்சல் துறையினரால் பயன்படுத்தப்படுவதுபோல் மற்ற யாருடைய உருவமும் வெளிவருவதில்லை. இவ்வாறு அஞ்சல்தலை மூலமும் இவருக்கு வணக்கம் செலுத்தப்படுகின்றது. இந்த முத்திரைகளில் புனிதர் குதிரைமீது அமர்ந்து அலகையுடன் போரிடுவதை பார்க்கலாம். இதில் அவர் பொய்மைக்கு எதிராக பெற்ற வெற்றியை காணலாம். இவர் வாழும்போதே இறைவன் இவர் வழியாக ஏராளமான அற்புதங்களை செய்துள்ளார்.

திருச்சபைகளின் புனிதர்களின் வரலாற்றில் புனிதர் ஜார்ஜ் மிகவும் வணங்கப்படும் புனிதர்களில் ஒருவராக உள்ளார். புனிதர் ஜார்ஜும் டிராகனும் கதை மூலமாக இவர் நினைவு கூறப்படுகிறார்; பதினான்கு புனித உதவியாளர்களில் ஒருவராவார். இவரது திருவிழா ஏப்ரல் 24 அன்று கொண்டாடப்படுகிறது. படைத்துறை புனிதர்களில் மிக முக்கியமானவராக கருதப்படுகிறார்.


4th Death Anniversary
08.04.2015
"He Who Belives in the son of God has eternal life" (John 3:36)
KOCHANNAM DAVID
W/o T.T David
Thalakottur House
St. Sebastian Unit
Born : 12.02.1945
Died: 08.04.2015
By Sorrowing Family


6-ാം ചരമ വാർഷികം
റോസിലി പൗലോസ്
ചാക്കാലക്കൽ
സെന്റ് പീറ്റേഴ്സ് യൂണിറ്റ്
ജനനം : 15.05.1947
മരണം : 19.04.2013
ദുഃഖാർത്തരായ കുടുംബാംഗങ്ങൾ, ബന്ധുക്കൾ

# *In loving memory of*

**A. JOSEPH**
**EDAKALATHUR HOUSE**
**GANDHIPURAM, COIMBATORE**



**Born**

**02.11.1928**

**Died**

**20.04.2001**






**Those we love don't**
**go away, they walk**
**beside us every day.**
**Unseen, unheard, but always**
**near; still loved, still missed**
**and very near**

---

**Remembered by,**

**Children, Grand Children and Great-Grand Children**



20th Death Anniversary
Suseela Thomas
W/o T. A. Thomas
Thathrathil Ponmany House
(TAT & SONS)
Gandhipuram
17.04.1999
Born
23.11.1942
Death
17.04.1999



# കുടുംബസമ്മേളനങ്ങൾ

## (ഗാന്ധിപുരം)

**14. 04. 2019**

4.00 pm - സെന്റ് പോൾ യൂണിറ്റ് - ശ്രീമതി. എൽസി ചാക്കുണ്ണി,
ചേറ്റുപുഴ ഹൗസ് - 9894495946

5.30pm - സെന്റ് അൽഫോൻസ യൂണിറ്റ് - ശ്രീമതി. ഏലിയാമ്മ ആന്റണി
പെരുമാടൻ ഹൗസ് - 7200295652

6.45 pm - സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ് - ശ്രീ. ജോൺസൺ റെജി
പരുത്തിവിളക്കത്ത് ഹൗസ് - 9940899991

6.45 pm - സെന്റ് തോമസ് യൂണിറ്റ് - ശ്രീമിതി. എൽസി
വാഴപ്പിള്ളി ഹൗസ് - 9677535744

**28. 04. 2019**

4.00 pm - സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ് - ശ്രീ. ജെയിംസ് ഒ.ജെ
ഒലക്കേങ്കിൽ - 9042742829

6.45 pm - സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ് - ശ്രീ. എ.ജെ. റൈജു
അയിനിക്കൽ ഹൗസ് - 9894655227

## (ഹോളി ഫാമിലി മിഷൻ സെന്റർ)

**14. 04. 2019**

4.00 pm - സെന്റ് ആന്റണി യൂണിറ്റ് - ശ്രീ. സി.എഫ്. ജോസഫ്
ചിറമേൽ ഹൗസ് - 9043481237

**28. 04. 2019**

4.00 pm - സെന്റ് ജോൺ മരിയ വിയാനി യൂണിറ്റ് - ശ്രീമതി. ലില്ലി ഫ്രാൻസിസ്
കുരുത്തുകുളങ്ങര ഹൗസ്
9843614855



# ഓർമ്മിക്കേണ്ട ദിവസങ്ങൾ

**ഏപ്രിൽ 2019**

01 - സീറോ മലബാർ സഭയുടെ 2-ാം മേജർ ആർച്ചു ബിഷപ്പ് മാർ വർക്കി വിതയത്തിൽ പിതാവിന്റെ ചരമദിനം

02 - വി. ജോൺ പോൾ

05 - ആദ്യവെള്ളി

11 - രൂപതയുടെ 9-ാം വാർഷികം

14 - ഓശാന ഞായർ

15 - വൈദിക വിശുദ്ധീകരണദിനം - മൂറോൻ വെഞ്ചിരിപ്പ്

18 - പെസഹവ്യാഴം

19 - പീഡാനുഭവവെള്ളി (ഉപവാസദിനം)

20 - വലിയ ശനി

21 - ഈസ്റ്റർ

24 - വി. ഗീവർഗ്ഗീസ് - സീറോ മലബാർ സഭാ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ നാമഹേതുക തിരുനാൾ

25 - വി. മർക്കോസ്

28 - പുതുഞായർ (White Sunday)

29 - സിയന്നായിലെ വി. ക്രതീന



# പീഡാനുഭവവാര തിരുക്കർമ്മങ്ങൾ

## (ലൂർദ്ദ് ഫൊറോന ദൈവാലയം)

| | |
|---|---|
| **14.04.2019**<br>**ഓശാന ഞായർ** | 6.00 am - കുരിശിന്റെ വഴി, വി. കുർബാന കുരുത്തോല വെഞ്ചിരിപ്പ് |
| | 8.00 am - കുരിശിന്റെ വഴി, കുരുത്തോല വെഞ്ചിരിപ്പ്, പ്രദക്ഷിണം, വി. കുർബാന |
| | 5.00 pm - വി. കുർബാന |
| **തിങ്കൾ, ചൊവ്വ, ബുധൻ** | 5.45 am - കുരിശിന്റെ വഴി, വി. കുർബാന, കുമ്പസാരം |
| | 5.45 pm - കുരിശിന്റെ വഴി, കുർബാന, കുമ്പസാരം |
| **പെസഹവ്യാഴം**<br>**18.04.2019** | 6.15 am - കാൽകഴുകൽ ശുശ്രൂഷ, വി. കുർബാന, ദിവ്യ കാരുണ്യപ്രദക്ഷിണം, പരിശുദ്ധ കുർബാന യുടെ ആരാധന |
| **ദുഃഖവെള്ളി**<br>**19.04.2019** | 5.30 pm - 6.30 pm പൊതു ആരാധന |
| | 7.30 am - കുരിശിന്റെ വഴി, പീഡാനുഭവായന, കുരിശു ചുംബനം, ലഘു ഭക്ഷണം |
| **ദുഃഖശനി**<br>**20.04.2019** | 6.30 am - ജ്ഞാനസ്നാന വ്രത നവീകരണം, വി. കുർബാന, പുതുവെള്ളം വെഞ്ചിരിപ്പ് |
| **ഈസ്റ്റർ രാത്രി** | 10.30 pm - ഉയിർപ്പ് തിരുക്കർമ്മങ്ങൾ, വി. കുർബാന |
| **21.04.2019** | 6.30 am - വി. കുർബാന |

## പെസഹവ്യാഴം – ആരാധനസമയക്രമം

**18.04.2019**

| | | | |
|---|---|---|---|
| 8.30 am - | 9.30 am | - | St. Thomas Unit, Pithruvedhi |
| 9.30 am - | 10.30 am | - | St. Alphonsa Unit, St. Joseph Unit |
| 10.30 am - | 11.30 am | - | St. George Unit, St. Pauls Unit |
| 11.30 am - | 12.30 pm | - | St. Antony's Unit, St. Peter Unit |
| 12.30 pm- | 1.30 pm | - | St. John Maria Vianney Unit, St. Sebastian Unit |
| 1.30 pm - | 2.30 pm | - | Mathruvedi |
| 2.30 pm - | 3.30pm | - | St. Francis Xavier Unit, St. Vincent De Paul Unit |
| 3.30 pm - | 4.30 pm | - | Little Flower Unit, St. Mary's Unit |
| 4.30p pm - | 5.30 pm | - | SMYM, Catechism, Choir, CML |
| 5.30 pm - | 6.30 pm | - | പൊതു ആരാധന |

# ഹോളിഫാമിലി മിഷൻ സെന്ററർ വാർത്തകൾ

## നോമ്പുകാല ധ്യാനം

ഏപ്രിൽ 5,6,7 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ നോമ്പുകാലധ്യാനം ഗാന്ധിപുരം ഇടവക ദൈവാലയത്തിൽ നടത്തപ്പെടുന്നു. എല്ലാവരും ധ്യാനത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണം. ധ്യാനദിവസങ്ങളിൽ മിഷൻ സെന്ററിൽ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല എന്ന് ഓർമ്മപ്പെടുത്തുന്നു.

## വിശുദ്ധവാരതിരുക്കർമ്മങ്ങൾ

14.04.2019 **ഓശാന ഞായർ** രാവിലെ 7.30 ന് കുരിശിന്റെ വഴി, കരുത്തോല വെഞ്ചിരിപ്പ്, വി. കുർബാന, നോമ്പുകാല പരിത്യാഗ ചെപ്പ് സമർപ്പണം.

15.04.2019 - 17.04.2019 തിങ്കൾ മുതൽ ബുധൻ വരെ രാവിലെ 6.00 മണിക്ക് കുരിശിന്റെ വഴി, വി. കുർബാന, കുമ്പസാരം.

18.04.2019 - **പെസഹവ്യാഴം** വൈകിട്ട് 6.00 മണിക്ക് കാൽകഴുകൽ ശുശ്രൂഷ, വി. കുർബാന 8.00 മണി മുതൽ 8.45 വരെ പൊതു ആരാധന. അന്നേദിവസമുള്ള പ്രത്യേക പിരിവ് വൈദിക പരിശീലനത്തിനുവേണ്ടിയുള്ളതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു.

19.04.2019 - **ദുഃഖവെള്ളി** രാവിലെ 7.30 ന് പരിഹാര പ്രദിക്ഷണം, പീഡാനുഭവവായന, കുരിശുചുംബനം.

20.04.2019 - **ദുഃഖശനി** രാവിലെ 6.30 ന് ജ്ഞാനസ്നാന വ്രത നവീകരണം, വി. കുർബാന, വെള്ളം വെഞ്ചിരിപ്പ്

**ഈസ്റ്റർ** രാത്രി 10.30ന് ഉയിർപ്പു തിരുനാൾ തിരുക്കർമ്മങ്ങൾ ആഘോഷമായ പാട്ടു കുർബാന.



## പിതൃവേദി

* പിതൃവേദി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ ഊട്ടുതിരുനാൾ മാർച്ച് 17 - ാം തിയതി ഗാന്ധിപുരം ഇടവക ദൈവാലയത്തിൽ വച്ച് അവിടുത്തെ സഹോദര സംഘടനയുമായി സഹകരിച്ച് ഭക്തി നിർഭരമായി ആചരിച്ചു. സഹകരിച്ച, സഹായിച്ച ഏവർക്കും നന്ദി....

* 27.04.2019 ൽ പിതൃവേദി അംഗങ്ങൾ വിനോദയാത്ര പോകാൻ തീരുമാനിച്ചിരിക്കുന്നു. താൽപര്യമുള്ളവർ ഭാരവാഹികളുമായി ബന്ധപ്പെട്ട് പേരുകൾ നല്കാൻ ശ്രദ്ധിക്കുമല്ലോ.

## മാതൃവേദി

* എന്റെ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത് എന്ന വചനം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ഈ നോമ്പുകാലത്തിൽ മുറിവേറ്റവരിൽ ക്രിസ്തുവിനെ ദർശിച്ചുകൊണ്ടു മാതൃവേദി അംഗങ്ങൾ 21.03.2019 ന് പോത്തനൂരിലുള്ള സെന്റ്. ജോസഫ് അഗതി മന്ദിരം സന്ദർശിക്കുകയുണ്ടായി. സഹായ സഹകരണങ്ങൾ നല്കിയ ഏവരേയും നന്ദിയോടെ ഓർക്കുന്നു.

* ഏപ്രിൽ മാസത്തെ മീറ്റിംഗ് 14.04.2019 ഞായറാഴ്ച വി. കുർബാനയ്ക്കുശേഷം ഉണ്ടായിരിക്കുന്നതാണ്.

ലൂർദ്ദ് വോയ്സിൽ പ്രസിദ്ധീകരിക്കേണ്ട ന്യൂസകളും ആർട്ടിക്കിളുകളും ഓരോ മാസവും പതിനഞ്ചാം തീയ്യതിക്ക് മുൻപായി കൊച്ചച്ചനെ ഏൽപ്പിക്കേണ്ടതാണ്. പരസ്യങ്ങൾ ഫോട്ടോയും പൈസയും സഹിതം ഏല്പ്പിക്കേണ്ടതാണ്. കളർ ഫുൾ പേജ് - 2400, ഫാഫ് പേജ് - 1200, B/w പേജ് - 1500



# പൊതുയോഗ തീരുമാനങ്ങൾ

- നോമ്പുകാല ധ്യാനം ഏപ്രിൽ 5,6,7 (വെള്ളി, ശനി, ഞായർ) തിയതികളിൽ കുളത്തുവയൽ MSMI സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തുവാൻ തീരുമാനിച്ചു.
- ദുഃഖവെള്ളിയാഴ്ചത്തെ ശുശ്രൂഷകൾ ദൈവാലയത്തിൽ 7.30 മണിക്കും, പീഢാനുഭവ വായന 11.30 മണിക്ക് നടത്തുവാനും, ഇതിനു ശേഷം ലഘു ഭക്ഷണം ക്രമീകരിക്കുവാനും ധാരണയായി.
- ഈസ്റ്റർ ശുശ്രൂഷകൾ രാത്രി 10.30 ന് ആരംഭിക്കുന്നതായിരിക്കും.
- ഇടവക യുവജനത്തിന്റെ നേതൃത്വത്തിൽ ടാബ്ളോ ദുഃഖവെള്ളിയാഴ്ച നടത്തുവാനും അതിനുവേണ്ട ക്രമീകരണങ്ങൾ ഒരുക്കുവാനും ധാരണയായി.
- ഇടവകയിൽ നിന്നും മലയാറ്റൂരിലേക്കും, സെഹിയോനിലേക്കും നോമ്പുകാല തീർത്ഥാടനം നടത്തുന്നതായിരിക്കും. മലയാറ്റൂർ തീർത്ഥാടനം മാർച്ച് 31 നും സെഹിയോനിലേക്കു 29 നുമായിരിക്കും.
- നോമ്പുകാല ത്യാഗ ചെപ്പുകൾ വിഭൂതി തിരുനാളിൽ യൂണിറ്റ് അടിസ്ഥാനത്തിൽ നല്കുകയും ഓശാന ഞായാറാഴ്ച തിരിച്ചേൽപ്പിക്കുകയും ചെയ്യണം എന്നു തീരുമാനിച്ചു.
- ഹോളിഫാമിലി മിഷൻ സെന്ററിലെ ഇടവകാംഗങ്ങൾ ഈസ്റ്ററിനു ശേഷം വി. കുർബാനക്കും, കൂദാശകൾക്കുമായിട്ട് ഗാന്ധിപുരം പള്ളിയിൽ വരുന്നു. നമ്മുടെ ഇടവക പള്ളിയിൽ ഞായാറാഴ്ച രാവിലെ 6.15നും, 8.15 നും, 10.30 നും വൈകിട്ട് 5.30 നു മായിരിക്കും വി. കുർബാന.
- പള്ളിയുടെ വിവാഹ സഹായ നിധിയിലെ തുകയെക്കുറിച്ച് പഠിക്കുന്നതിനുമായി മൂന്നംഗ കമ്മിറ്റിയെ നിയമിച്ചു. പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങളായി ശ്രീ. ലോറൻസ്, ശ്രീ. വിന്റസന്റ്, ശ്രീ. ജോഫി എന്നിവരെ നിയമിച്ചു.
- പള്ളിയിൽ ബഞ്ചുകൾ ഇടാനായി തീരുമാനിച്ചു. താല്പര്യമുള്ളവർക്ക് സ്പോൺസർ ചെയ്യാവുന്നതാണ്.
- നാലാമത്തെ ഞായറാഴ്ച ഇടവകയിലുള്ള സംഘടനകളുടെ നേതൃത്വത്തിലായിരിക്കും രണ്ടാമത്തെ കുർബാന.



# ഒരുമയിൽ വിരിയുന്ന വസന്തം



നൂറ്റാണ്ടുകൾ പഴക്കമുള്ള നസ്രത്തിലെ തിരുകുടുംബം ഇന്ന് എല്ലാ കുടുംബങ്ങൾക്കും കുടുംബന്ധങ്ങൾക്കും മാതൃകയായി ഇതൾവിരിയുന്നു. ദൈവഹിതത്തിന് പൂർണ്ണമായി സമർപ്പിച്ച മറിയവും താനറിയാതെ ഗർഭവതിയായ മറിയത്തെ സ്വമന സ്സോടെ സ്വീകരിച്ച് സംരക്ഷിക്കുന്ന ജോസഫും, പരസ്പരം മന സ്സിലാക്കി ഒരുമയിൽ ജീവിച്ച് സ്നേഹവസന്തം സൃഷ്ടിക്കാൻ നമ്മെ പഠിപ്പിക്കുകയാണ്. വചനം പറയുന്നു. "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനു ഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു." ദൈവ പുത്ര നായിരുന്നിട്ടുപോലും എല്ലാ നിയമങ്ങളും പാരമ്പര്യ ങ്ങളും അനുസരിച്ച് വിധേയത്വത്തോടെ ജീവി ക്കാനും ഈശോയെ പഠിപ്പിച്ചത് ജോസഫവും മറി യവും ആണ് എന്ന് നമുക്കറിയാം.

ഇന്ന് ഏറെ കുട്ടികൾ അനുകരണ ശീലമുള്ളവരാ ണ്. അതുകൊണ്ട് തന്നെ അവർ ഒത്തിരിയേറെ കാര്യങ്ങൾ മാതാപിതാക്കളിൽ നിന്ന് പഠിക്കുന്നുണ്ട്. അവരുടെ പ്രവൃ ത്തികളും ശീലങ്ങളും കാഴ്ചപാടുകളും മക്കളെയും ഒരു പരിധി വരെ സ്വാധീനിക്കുന്നുണ്ട്. മക്കൾ ചോദിക്കുന്നതെല്ലാം കൊടുത്ത് തൃപ്തിപ്പെടുത്തിയാൽ അവർ ചെന്നെത്തുക മോഹങ്ങളുടെ ഒരത്ഭുതലോകത്തേ ക്കല്ലേ? ഇന്ന് ഭവനങ്ങളിൽ നിന്ന് ഒരപ്പന്റെ ശിക്ഷണവും സംരക്ഷണവും അമ്മയുടെ വാത്സല്യവും കരുതലും ലഭിക്കാതാകുമ്പോൾ അവരുടെ കുട്ടികൾ കൈവിട്ടുപോവുക യാണ്. അദ്ധ്വാനത്തിന്റെയും ത്യാഗത്തിന്റെയും ശൈലികൾ മാതാപിതാക്കൾ മക്കൾക്ക് നൽകിയെങ്കിലേ അവർ വിയർപ്പിന്റെ വില മനസ്സിലാക്കൂ. നമ്മുടെ മക്കൾ നമ്മുടെ കുടുംബത്തിനും നാടിനും സഭയക്കും അഭിമാനമായി തീരണമെങ്കിൽ മാതാപിതാക്കൾ നല്ല മാതൃകനൽകണം. അങ്ങനെ ഒരുമയിൽ വിരിയുന്ന വസന്തമായി നമ്മുടെ കുടും ബത്തെ മാറ്റാം.

നമ്മുടെ കുടുംബങ്ങളിൽ വസന്തം വിരിയുന്ന 10 മാർഗ്ഗങ്ങൾ

*ദൈവാശ്രയ ബോധത്തിൽ വളരുക

* ഒന്നിച്ച് പ്രാർത്ഥിക്കുക. ഒന്നിച്ച് ഭക്ഷിക്കുക. തുറവിയോടെ സംസാരിക്കുക.

* പരസ്പരം മനസ്സിലാക്കുക, ക്ഷമിക്കുക, അംഗീകരിക്കുക.

* കുട്ടികൾക്ക് സന്മാതൃക നൽകുക.

* നല്ല ശീലങ്ങളും പുണ്യങ്ങളും പഠിപ്പിക്കുക.

* പാവപ്പെട്ടവരോടും രോഗികളോടും അനുകമ്പയും ദയയും കാണിക്കുക.

* ദാനധർമ്മം ചെയ്യുക.

ബേബി ഡേവിഡ്, കൺവീനർ,
(മാതൃവേദി ഹോളി ഫാമിലി മിഷൻ സെന്റർ)

# മാർച്ച് 17-ാം തിയ്യതി പിതൃവേദിയുടെ നേതൃത്വത്തിൽ വി. യൗസേപ്പിതാവിന്റെ മരണ തിരുനാൾ ആഘോഷിച്ചപ്പോൾ





ഏപ്രിൽ 24 ന്

നാമഹേതുക തിരുനാൾ

ആഘോഷിക്കുന്ന

ഫാ. ജോർജ്ജ് മഠത്തിൽകണ്ടത്തിലച്ചന്


പ്രാർത്ഥനാശംസകൾ



# ഉത്ഥിതനായ യേശു

ഇതാ വീണ്ടും ഒരു ഉയിർപ്പുകാലം.... തിരുനാളുകളുടെ തിരുനാളായിട്ടാണ് യേശുവിന്റെ ഉത്ഥാനം സഭയിൽ ആചരിക്കുന്നത്. മൂന്നാം നൂറ്റാണ്ടിന്റെ അവസാനം വരെ ഉണ്ടായിരുന്ന ഒരേ ഒരു തിരുനാളും ഉയിർപ്പു തിരുനാളായിരുന്നു. ഉയിർപ്പുകാലത്തിന്റെ മുഴുവൻ ചൈതന്യവും ഈ ഉറവിടത്തിൽ നിന്നാണ് നിർഗ്ഗളിക്കുക. യേശുവിന്റെ ഉത്ഥാനത്തോടെ സ്വർഗ്ഗരാജ്യം നമുക്ക് അവകാശമായി ലഭിച്ചു.

"ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം". (1 കൊറി: 15:14) എന്ന് പൗലോസ് അപ്പസ്തോലൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം തന്നെ ഈശോയുടെ ഉത്ഥാനമാണ്. മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ച് സദുക്കായരോടുള്ള പ്രഭാഷണത്തിൽ ഈശോ പ്രതിപാദിച്ചിട്ടുണ്ട്. മരിച്ചവർ ശരീരത്തോടെ ഉയിർക്കുമെന്ന് അവർ വിശ്വാസിച്ചിരുന്നില്ല. ശരീരത്തിന്റെ ഉയിർപ്പിലും നിത്യായുസ്സിലും ഞാൻ വിശ്വാസിക്കുന്ന എന്ന് ഏറ്റു പറയുന്ന നമുക്ക് ക്രിസ്തുവിന്റെ പുനരുത്ഥാനം ആശ്വാസദായകമായ ഒരു ചിന്തയാണ്. യോനാ പ്രവാചകൻ തിമിംഗലത്തിന്റെ ഉദരത്തിൽ മൂന്നു ദിവസം ആയിരുന്നതുപോലെ മനുഷ്യപുത്രനും മൂന്നുദിവസം ഭൂമിക്കടിയിലായിരിക്കും എന്നും തന്റെ ശരീരമാകുന്ന ദൈവാലയം നശിപ്പിച്ചാൽ മൂന്നുദിവസം കൊണ്ടു പുനരുദ്ധരിക്കുമെന്നും അവിടുന്ന് പ്രവചിച്ചിട്ടുള്ളതാണ്.



ഹീബ്രു പഞ്ചാംഗമനുസരിച്ച് നിസാൻ മാസം 15-ാം തിയതിയാണ് ഈശോയുടെ കുരിശുമരണം. നിഖ്യ സൂനഹദോസിൽ (325) വച്ച് എല്ലാ സഭകളും റോമിലെ സമ്പ്രദായമനുസരിച്ച് മാർച്ച് 21-ാം തിയതി കഴിഞ്ഞുള്ള വെളുത്ത വാവു കഴിഞ്ഞുവരുന്ന ഞായറാഴ്ച് ഉയിർപ്പു തിരുനാൾ കൊണ്ടാടണമെന്ന് തീരുമാനിച്ചു. അതിനാൽ മാർച്ച് 22 നും ഏപ്രിൽ 25 നും മധ്യേ ഉയിർപ്പു തിരുനാൾ നാം ആഘോഷിച്ചുവരുന്നു.

ചില രാജ്യങ്ങളിൽ മുട്ട ആകർഷകമായി പെയിന്റുചെയ്ത് ഒളിച്ചു വയ്ക്കുകയും കുട്ടികൾ അത് കണ്ടുപിടിച്ച് കൊണ്ടുവരുന്ന പതിവും ഉണ്ട്. Easter Eggs അത് ജീവന്റെ, പുതുജീവന്റെ പ്രതീകമാണ് നാം പാപത്തിനു മരിച്ച് നിത്യജീവനിലേയ്ക്ക് ഉയിർപ്പിക്കപ്പെടുന്നവരാകട്ടെ. ഉയിർത്തെഴുന്നേറ്റ കർത്താവ് ആദ്യം നല്കുന്നത് സമാധാനമാണ്. ഈ ശാശ്വതമായ സമാധാനം നമ്മുടെ ഹൃദയങ്ങളെയും ഭരിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.

**മിസ്സിസ്. ബീന മാത്യു**
സെന്റ്. വിൻസെന്റ് ഡിപോൾ യൂണിറ്റ്



# വത്തിക്കാൻ വാർത്തകൾ

**വത്തിക്കാൻ – ചൈന ധാരണ – 'മരിക്കാതിരിക്കാനുള്ള മാർഗ്ഗരേഖ'**

ബിഷപ്പുമാരുടെ നിയമനവുമായി ബന്ധപ്പെട്ട് രൂപം നല്കിയിരിക്കുന്ന ചൈന - വത്തിക്കാൻ ധാരണ പ്രവൃത്തി പദത്തിൽ കൊണ്ടുവരണമെന്ന് വത്തിക്കാൻ സെനറ്റ് സെക്രട്ടറി കർദ്ദിനാൾ പിയത്രോ, പരോളിൻ. പരിശുദ്ധ സിംഹാസന ത്തിന്റെ നയതന്ത്ര ധാരണകളെക്കുറിച്ച് വത്തിക്കാനിൽ നടന്ന ത്രിദിന കോൺഫ്രൻസിൽ നടത്തിയ പ്രഭാഷണത്തിലാണ് കർദ്ദിനാൾ പരൊളിൽ ഇക്കാര്യം പറഞ്ഞത്. 2018 സെപ്റ്റംബർ മാസത്തിൽ ഒപ്പുവച്ച ധാരണ പ്രവർത്തിപദത്തിൽ കൊണ്ടുവരിക എന്നത് പ്രധാനപ്പെട്ട കാര്യമാണ്.

വത്തിക്കാൻ - ചൈന ധാരണയക്ക് പ്രധാനമായി രണ്ടു ലക്ഷ്യങ്ങളാണുള്ളത്. ഒന്നാമതായി മത സ്വാതന്ത്ര്യം ഉറപ്പാക്കുക. രണ്ടാമതായി സഭയ്ക്കു സ്വാതന്ത്ര്യമായി പ്രവർത്തിക്കാനും രാജ്യത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയക്ക് സംഭാ വന നല്കാനുള്ള അവസരം ലഭ്യമാക്കുക. ഇതിലൂടെ സമാധാനം വളർത്താൻ സാധിക്കും. കത്തോലിക്കർ ന്യൂനപക്ഷമുള്ളതും കത്തോലിക്കാപാരമ്പര്യമില്ലാത്ത തുമായ രാജ്യങ്ങളുമായുള്ള ധാരണയിൽ മത സ്വാതന്ത്ര്യത്തിനാണ് പ്രാധാന്യം നല്കുന്നത്. 1979 മതുൽ 1990 വരെ വത്തിക്കാൻ സെനറ്റ് സെക്രട്ടറിയായിരുന്ന കർദ്ദിനാൾ അഗൈാസ്തിനോ കാസറോളി പറഞ്ഞിരുന്നതുപോലെ ഇത്തരം ധാരണ കൾ ജീവിക്കാനുള്ള മാർഗ്ഗരേഖയല്ല, മറിച്ച് മരിക്കാതിരിക്കാനുള്ള മാർഗ്ഗരേഖയാ ണെന്ന് കർദ്ദിനാൾ വ്യക്തമാക്കി.



# ലോഗോസ് ക്വിസ്

## വി. മത്തായി അദ്ധ്യായം

1. ഏതെങ്കിലും കാരണത്താൽ ഒരുവൻ ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ എന്ന ചോദ്യവുമായി യേശുവിനെ സമീപിച്ചത് ആര്?

A. ഫരിസേയർ (19.3)

2. യേശുവിന്റെ അടുത്തുനിന്ന് സങ്കടത്തോടെ തിരിച്ചുപോയ ധനികനായ യുവാവ് യേശുവിനോട് ചോദിച്ച ആദ്യത്തെ ചോദ്യമെന്ത്?

A. ഗുരോ, നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മയാണ് പ്രവർത്തിക്കേണ്ടത്. (19:16)

3. " മനുഷ്യർക്ക് ഇത് അസാധ്യമാണ് എന്നാൽ ദൈവത്തിന് എല്ലാം സാധ്യമാണ്". ആര് ആരോടു പറഞ്ഞു. എപ്പോൾ?

A. യേശു ശിഷ്യന്മാരോട് രക്ഷപ്പെടാൻ ആർക്കു സാധിക്കുമെന്ന് ശിഷ്യന്മാർ യേശുവിനോട് ചോദിച്ചപ്പോൾ. (19:25)

4. പുനർ ജീവിതത്തിൽ മനുഷ്യപുത്രൻ ഉപവിഷ്ടനാകുന്നത് എവിടെയാണ്?

A. തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ (19:28)

5. പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരുമാകും എന്ന വചനം പഠിപ്പിക്കുന്നതിന് യേശു പറഞ്ഞ ഉപമയേത്?

A. മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമ (20:1 - 16)

6. യേശു ജറുസലെമിലേക്ക് ആരെയും കൂട്ടി യാത്ര ചെയ്യുന്നതായാണ് വി. മത്തായി രേഖ പ്പെടുത്തിയിരിക്കുന്നത്.?

A. പന്ത്രണ്ടുപേരെ (20:17)

7. വിജാതിയരുടെ ഭരണകർത്താക്കൾ അവരുടെ മേൽ എന്തു പുലർത്തുന്നുവെന്നതാണ് യേശു പറയുന്നത്?

A. യജമാനത്വം (20:25)

8. കർത്താവേ, ദാവീദിന്റെ പുത്രാ ഞങ്ങളിൽ കനിയണമേ എന്നു പറഞ്ഞത് ആര്? എവിടെ വച്ച്?

A. രണ്ട് അന്ധൻമാർ, ജറിക്കോയിൽ വച്ച് (20:30)



9. ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളെ കുറിച്ച് (വംശം) യേശു പറയുന്നതായി വി. മത്തായിയുടെ സുവിശേഷം ഏതെല്ലാം അദ്ധ്യായങ്ങളിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്? (19: 22)

A. (19.28, 22,)

10. സ്വർഗ്ഗരാജ്യം ആരെപ്പോലെയുള്ളവരുടെതാണ് എന്നാണ് യേശു ശിഷ്യന്മാരോട് പറഞ്ഞത്?

A. ശിശുക്കളെപ്പോലെയുള്ള വരുടേത് (19:14)

## നിയമാവർത്തനം അദ്ധ്യായങ്ങൾ 12 – 13

11. ആരുടെ ചിഹ്നങ്ങൾ ദഹിപ്പിക്കണം എന്നാണ് കർത്താവ് ഇസ്രായേൽക്കാരോട് പറയുന്നത്?

A. അഷേരാദേവതയുടെ (12:3)

12. അത് ഭക്ഷിക്കരുത്, അതു വെള്ളം കണക്കേ നിലത്തൊഴിച്ചു കളയണം. എന്ത്?

A. രക്തം (12:16)

13. നിങ്ങൾ കീഴടക്കാൻ പോകുന്ന ദേശത്തുള്ള ജനതകളെ നിങ്ങളുടെ മുൻപിൽ വച്ചു ആരാണ് നശിപ്പിക്കുന്നത്?

A. ദൈവമായ കർത്താവ് (12:29)

14. അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്നും നിന്നെ രക്ഷിച്ച നിന്റെ ദൈവമായ കർത്താവിൽ നിന്ന് നിന്നെ അകറ്റാൻ ശ്രമിച്ചവനെ എന്തുചെയ്യണം എന്നാണ് നിയ. 13.10 ൽ പറയുന്നത്?

A. അവനെ നീ കല്ലെറിഞ്ഞു കൊല്ലണം. (13:10)

### പ്രഭാഷകൻ അദ്ധ്യായം 11, 12

15. കർത്താവിന്റെ പ്രവൃത്തികൾ എങ്ങനെയുള്ളതാണെന്നാണ് പ്രഭാ. 11:4 ൽ പറയുന്നത്?

A. വിസ്മയകരവും മനുഷ്യദൃഷ്ടിക്ക് അഗോചരവുമാണ്. (11:4)

16. ദൈവഭക്തന്റെ സമ്മാനം എന്താണെന്നാണ് പ്രഭാ 11:22 ൽ പറയുന്നത്?



A. കർത്താവിന്റെ അനുഗ്രഹം

17. ഏതു ദിനത്തിൽ പോലും പ്രവൃത്തിക്കൊത്ത പ്രതിഫലം നൽകാൻ കർത്താവിന് കഴിയും എന്നാണ് പ്രഭാഷകൻ ഓർമ്മപ്പെടുത്തുന്നത്?

A. മൃത്യു ദിനത്തിലും (11:26)

18. നീചന്റെ മനസുനിറയെ എന്താണ്?

A. തിൻമ (11:33)

19. ചെമ്പിലെ ക്ളാവ് എന്നപോലെ അവന്റെ ദുഷ്ടത നിന്നെ നശിപ്പിക്കും. ആരുടെ?

A. ശത്രുവിന്റെ (12:10)

20. എളിയവനു നന്മ ചെയ്യുക. എന്നാൽ ആരെ സഹായിക്കരുത് എന്നാണ് പ്രഭാ. 12:5 ൽ പറയുന്നത്

A. ദൈവഭയമില്ലാത്തവനെ (12:5)

21. അഹങ്കാരിയുടെ മനസ്സ് ഏപ്രകാരമാണ്?

A. കൂട്ടിലടച്ച പക്ഷിയെപ്പോലെയാണ് (11:30)

## വെളിപാട് അദ്ധ്യായം 17

22. അവളുടെ ദുർവൃത്തിയുടെ വീഞ്ഞുകുടിച്ച് ആരാണ് ഉൻമത്തരായത്?

A. ഭൂവാസികൾ (17:2)

23. ഏതു നിറമുള്ള വസ്ത്രമാണ് സ്ത്രീ ധരിച്ചിരുന്നത്?

A. ധൂമ്രവും, കടുംചെമപ്പും. (17:4)

24. അവളുടെ നെറ്റിത്തടത്തിൽ ഒരു നിഗൂഢ നാമം എഴുതപ്പെട്ടിരുന്നു. എന്താണ്ത്?

A. മഹാബാബിലോൺ (17:5)

25. കുഞ്ഞാടിനോടു കൂടെയുള്ളവർ ആരെല്ലാമാണെന്നാണ് വെളി 17:14 ൽ പറയുന്നത്?

A. വിളിക്കപ്പെട്ടവർ തെരഞ്ഞെടുക്കപ്പെട്ടവർ, വിശ്വസ്തർ (17:14)



# Mobile phone Addiction

**Introduction**

Mobile phone addiction or cell phone addiction appears considerable enough to be included as psychological disorder in classification system of ICD XI and DSM V. To understand the underlying process involved in addiction, Dr. David Greenfield compares the smart phones with gambling slot machines. They work on non-uniform intervals of time. Once in a while you get a reward, a piece of information, a text, an email, an updates or something that you find to be pleasurable, but you don t know when you re going to get it, what it s going to be and how good it s going to be. This behavioural process creates a neurobiological expectation for a reward which is highly addictive in nature. Each of these little rewards, such as texts, likes, social media updates, triggers a dopamine release. Dopamine controls the pleasure centres in our brain. When this chemical is released, it feels good and makes us want more of whatever is boosting our dopamine levels.

Nomophobia is the irrational fear of being without your mobile phone or being unable to use your phone for some reason, such as the absence of a signal or running out of minutes or battery power. Such kind of irrational fear comes from the fear of anxiety consequently the individual feels that the existence is being disconnected from family, friends and work. Phantom Vibrations syndrome is a disorder of emerging technology. Phantom Vibrations Syndrome or Phantom Ringing Syndrome is the perception that one s mobile phone is vibrating or ringing when it is not ringing.

**Criteria for mobile Addiction**

The excessive use of technology that is beyond of your control and outside the realm of reasonable use.

This type of particular behaviour may create negative impact on your life in a way such as: affecting family relationship, work, school, economics, or social relationships.

**The following signs and symptoms are the criteria for cell phone addictions.**

1. Frequent use of cell phone for achieving the same desired effect.
2. Temptation to use it as often as possible
3. Preoccupation with the use of smart phone.
4. Uncontrollable use Mobile phone creates unwanted feelings such as anxiety or depression.
5. Excessive uses of mobile phone may lead one to waste his time and energy.
6. Relationship or job is at risk due to the excessive use of cell phone.
7. Loss of Tolerance Need for newest cell phone, more application or increased use.

**Fathima Rose**
ഹോളിഫാമിലി മിഷൻ സെന്റർ

Will be contined....



# KIDS CORNER

Unscramble the letters to find the words in the Anagram
Jesus feeds five thousand

**aceilmr** ______________________________

**cdorw** ______________________________

**ghnruy** ______________________________

**epprsu** ______________________________

**fhis** ______________________________

**abder** ______________________________

**abeksst** ______________________________

**eeltvw** ______________________________

**aceghint** ______________________________

(Only catechism students are eligible to participate in the contest.
Fill in the answers and submit it before 15th of the month, in the box kept in the church.
One winner among the correct entries will be selected by lot and published in the next issue.)

Name:................................ Class:............... Parish:.......................

**Winner of March month contest**

| | | |
|---|---|---|
| Gandhipuram | - Delbin Dennis | VII |
| Athipalayam | - V.A. Jefrin Michael | VIII |



## Marian Knowledge

1. Why is the color blue associated with Mary?

   In the ancient world, the color blue was associated with royalty.

2. Name the Pope who published an encyclical, Mense Maio ( The Month of May ) on church s special devotion to Mary?

   Pope Paul VI in 1965

3. Name the Pope who defined the dogma of Mary s assumption in 1950.

   Pope Pius XII

4. What does the Greek word Theotokos means?

   God-bearer

5. Where can we see Mary's spiritual motherhood reaching its key moment?

   At the Annunciation and under the Cross

6. What was the fundamental attitude of Mary?

   Faith

7. Who was the principal evangelist about Mary?

   Luke.

8. In which council was Mary's divine motherhood defined?

   Ephesus.

9. What does Mariology means?

   Adoring Mary.

10. The fastest and quickest way to reach Jesus is to be dedicated to Mary, as her role is to lead you to her Son. Whose words are they?

    St. Louis de Mont fort

# Catechism News

### Common News

Scholarship examination for students of standard 5, 7 and 9 will be held on 7/4/2019 from 2.pm to 4.pm in our church. Students must prepare well and attend the examination.

# April 2019



| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | **1**<br>Col 2:16-19<br>Lk 18:18-25 | **2**<br>2Cor 9:10-15<br>Lk 10:33-37 | **3**<br>Jude 8-13<br>Jn 8:1-11 | **4**<br>1Tim 4:6-10<br>Lk 18:31-34 | **5**<br>Rom 13:8-14<br>Jn 8:49-59 | **6**<br>1Cor 13:1-13<br>Mk 10:1-12 |
| **7**<br>Gen 19:15-26<br>Josh 21:43-22:5<br>Rom 14:13-23 | **8**<br>Jn 10:11-18<br>1Thess 3:6-13 | **9**<br>Jn 12:44-50<br>2Pet 2:4-10 | **10**<br>Lk 13:31-35<br>1Jn 2:7-11 | **11**<br>Mt 18:15-20<br>2Pet 2:11-17 | **12**<br>Lk 3:8-11<br>Rom 15:7-13 | **13**<br>Jn 11:38-45<br>Acts 20:22-38<br>Jn 12:1-8 |
| **14**<br>Gen49:8-12,22-26<br>Zech 9:9-12<br>Rom 11:13-24<br>Mt 21:1-17 | **15**<br>Gen 37:5-13 , 18-22<br>Josh 22:21-29<br>Heb 1:5-14 | **16**<br>Jn 11:47-57<br>Heb 5:1-10 | **17**<br>Jn 12:20-26<br>Heb 9:15-28 | **18**<br>Jn 12:27-33<br>Ex 12:1-20<br>Mal 1:10-14<br>1Cor 11:23-29<br>Jn 13:1-14 + Mt 26:26-30 | **19**<br>Gen 22:1-19<br>Is 52:13- 53:9<br>Rom 5:6-16<br>Jn 19:31-42 | **20**<br>Gen 22:1-9<br>Jon 2:1-10<br>Rom 6:3-11<br>Mt 28:1-20 |
| **21**<br>Is 60:1-7<br>1Sam 2:1-10<br>Rom 6:1-14 | **22**<br>Mt 28:1-6<br>Rom 4:1-8 | **23**<br>Jn 14:18-28<br>1Cor 15:12-19 | **24**<br>Lk 24:13-27<br>2Cor 12:1-10 | **25**<br>Mt 10:37-42<br>2Tim 4:6-18 | **26**<br>Mk 16:15-20<br>Heb 11:3-10 | **27**<br>Mt 10:26-33<br>Col 3:1-4<br>Mk 16:1-8 |
| **28**<br>Is 55:4-13<br>Acts 4:32-37<br>Col 1:12-20 | **29**<br>Jn 20:19-29<br>1Jn 1:5-2:2<br>Mt 11:25-30 | **30**<br>Acts 9:20-25<br>Jn 5:41-47 | | | | |




A.G. VARGHESE

Phone : 0422-5514235
Mobile : 98422 18161

# ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.

☎ 0422-2523645
94439 13645
94893 63377

**Divine**

**Digital Diagnostics**

(Centre for Accurate Clinical & Medical Investigations)

ISO 9001 : 2015 Certified & AERB Govt. of India Approved Unit

டிவைன் இரத்தப் பரிசோதனை நிலையம்

**DIGITAL X-RAY, LAB & ECG**

**MASTER HEALTH CHECKUP 50% OFF**

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com







WORKING HOURS: 7-AM TO 9-PM SUNDAY 7-AM TO 1-PM

P.J. VARGHESE (JOBI)

✆ : 0422-2494007
98432 96007

**JA**

**JOSE AUTOMOBILES**

MULTIBRAND FOUR WHEELER SERVICE

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

**JB CABS**

*Tours & Travel Operator*

*A/c Cars & Vans Available for Rent*
*Innova, Etios, Swift, Tempo Traveller, Swaraj Mazda*

205-A, 11th STREET, GANDHIPURAM, COIMBATORE - 12